## ആഗസ്റ്റ് 17
### എസ്. ഹരീഷ്



നമ്മൾ ജീവിക്കുന്ന ദേശത്തിന്റെയും കാലത്തിന്റെയും പ്രതിചരിത്രമാണ് ആഗസ്റ്റ് 17 എന്ന നോവൽ. തിരുവിതാംകൂർ ഇന്ത്യൻ യൂണിയനിൽ ലയിക്കാതെ സ്വതന്ത്രരാജ്യമായി എന്ന് എഴുത്തുകാരൻ ഇതിൽ ഭാവന ചെയ്യുന്നു. അതിലേക്ക് നയിച്ച ചരിത്രസംഭവങ്ങളെ ഇഷ്ടാനുസരണം മാറ്റിമറിക്കുന്നു. അതിനുശേഷം തലകീഴായി മറിഞ്ഞ ലോകത്തെ ഇരുണ്ട ചിരിയോടെ നോക്കിക്കാണുന്നു. കാമത്തെയും പ്രണയത്തെയും പലായനത്തെയും അധികാരത്തോട് ചേർത്തുനിർത്തുന്നു. മലയാളിയുടെ വലിയ എഴുത്തുകാരും രാഷ്ട്രീയനേതാക്കളും തങ്ങൾ അണിയാത്ത വേഷങ്ങളിൽ ഈ നോവലിൽ പകർന്നാടുന്നു. പരിധികളില്ലാതെ ഭാവന ചെയ്യാൻ മാത്രം സ്വതന്ത്രമാണ് സാഹിത്യം എന്ന് പ്രഖ്യാപിക്കുകയാണ് ആഗസ്റ്റ് 17.

*മീശയ്ക്ക് ശേഷം എസ്. ഹരീഷിന്റെ ഏറ്റവും പുതിയ നോവൽ*

കവർ ഡിസൈൻ: സൈനുൽ ആബിദ്

ഡിസി ബുക്സ്

www.dcbooks.com

ISBN 978-93-5482-575-0

9789354825750 00004

നോവൽ | E-book available | ₹ 399

ആഗസ്റ്റ് 17 • എസ്. ഹരീഷ്

DCB

DCB

നാലാം പതിപ്പ്

# ആഗസ്റ്റ് 17

## എസ്. ഹരീഷ്

“

തുമ്മിപ്പോയാൽ പോലീസ്
തുപ്പലുവീണാൽ പട്ടാളം
പേനയെടുത്താൽ ജയിലിലായി
നാലാളൊത്താൽ വെടിയായി
കുന്തം കുത്തിക്കൊല്ലട്ടെ
കുഞ്ഞിച്ചോരയൊഴുകട്ടെ
പോകാം പോകാം കുഞ്ഞനിയാ...

”



## ഒരു വിശിഷ്ടജന്മത്തിന്റെ അതിവിശിഷ്ടമായ 108-ാം ജന്മവർഷം

മലയാള പുസ്തകചരിത്രത്തിന്റെ വിവിധ മേഖലകളിൽ വിശിഷ്ട സ്ഥാനത്ത് അടയാളപ്പെടുത്തപ്പെട്ട നാമമാണ് ഡി സി കിഴക്കെമുറി. തന്റെ നാടായ കാഞ്ഞിരപ്പള്ളിയിൽ സഹൃദയ എന്ന വായനശാല ആരംഭിക്കുന്നതിലൂടെ തുടങ്ങിയ പുസ്തകങ്ങളുമായുള്ള ബന്ധം തുടർന്ന് നാഷണൽ ബുക്സ്റ്റാൾ എന്ന പുസ്തകവിതരണ ശൃംഖല രൂപീകരിക്കുന്നതിലേക്ക് നയിച്ചു. വിവിധ സ്കീമുകളിലൂടെ പുസ്തകങ്ങൾ വായനക്കാരിലെത്തിക്കുന്ന നിരവധി പദ്ധതികൾ ഇതിലൂടെ അദ്ദേഹം ആദ്യമായി ആവിഷ്കരിച്ചു. പുസ്തകപ്രസാധനത്തിൽ ആദ്യമായി എഴുത്തുകാരുടെ സഹകരണസംഘം രൂപീകരിച്ചുകൊണ്ട് സാഹിത്യപ്രവർത്തക സഹകരണസംഘമെന്ന ലോകത്തിലെ ആദ്യത്തെ പുസ്തകപ്രസാധന സംരംഭം ആരംഭിക്കുകയും പേപ്പർ ബാക്ക് എഡിഷൻ, പ്രി പബ്ലിക്കേഷൻ എന്നീ നൂതനാശയങ്ങളിലൂടെ പതിനായിരക്കണക്കിന് കോപ്പികൾ ചുരുങ്ങിയ വിലയിൽ വായനക്കാരിലേക്ക് എത്തിക്കുകയും ചെയ്തു അദ്ദേഹം. *ഐതിഹ്യമാല, ശബ്ദതാരാവലി* തുടങ്ങിയ വിശിഷ്ടകൃതികൾ മലയാളത്തിലെ വായനാസമൂഹത്തിലേക്ക് വിപുലമായ രീതിയിൽ എത്തിച്ചത് അദ്ദേഹമാണ്. കേരളമെമ്പാടും ഗ്രന്ഥശാലകൾ ആരംഭിച്ചുകൊണ്ട് പുസ്തകവായനയെ ജനകീയമാക്കിയ ഗ്രന്ഥശാലാ പ്രസ്ഥാനത്തിനു തുടക്കം കുറിച്ചവരിൽ ഒരാളുമാണ് അദ്ദേഹം. കോട്ടയം പബ്ലിക് ലൈബ്രറി ആരംഭിക്കുന്നതിനായി അദ്ദേഹം ആവിഷ്കരിച്ച 'ലോട്ടറി' എന്ന ആശയത്തിന്റെ വൻവിജയമാണ് പിന്നീട് സർക്കാരിന് ഇപ്പോഴും തുടരുന്ന ലോട്ടറി ആരംഭിക്കാൻ പ്രചോദനമായത്. 1974-ൽ ആരംഭിച്ച ഡി സി ബുക്സിലൂടെ സാഹിത്യവിഭാഗത്തിലെന്നപോലെ സമസ്ത വിഭാഗങ്ങളിലുമുള്ള പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചുകൊണ്ട് ഇന്ത്യയിലെതന്നെ ആദ്യ അഞ്ച് പ്രമുഖ പ്രസാധനസ്ഥാപനങ്ങളിലൊന്നായി മലയാള പുസ്തകപ്രസാധനരംഗത്തെ മുൻനിരയിലെത്തിച്ചതും ഡീസിയാണ്. 1977-ൽ കേരളത്തിലെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിച്ചിരുന്ന കറന്റ് ബുക്സ് എന്ന പുസ്തക വില്പനശാലകൾ ഏറ്റെടുക്കുകയും പുതിയ വില്പനശാലകൾ ആരംഭിക്കുകയും ചെയ്തുകൊണ്ട് പുസ്തകങ്ങൾ ജനങ്ങളിലേക്കെത്തിക്കുന്നതിനുള്ള വിപുലമായ പദ്ധതികൾ അദ്ദേഹം ആവിഷ്കരിച്ചു. സ്വാതന്ത്ര്യസമരസേനാനിയും പത്മഭൂഷൺ ബഹുമതിയാൽ രാജ്യം ആദരിച്ച വ്യക്തിത്വവുമായ അദ്ദേഹത്തിന്റെ 108-ാം ജന്മവർഷമാണിത്. ഗണിതശാസ്ത്രത്തിലും മറ്റു ശാസ്ത്രവിഭാഗങ്ങളിലും മതങ്ങളിലും എന്നുവേണ്ട, സർവ്വ വൈജ്ഞാനികമണ്ഡലങ്ങളിലും 108-നെ അതിവിശിഷ്ടമായ ഒരു സംഖ്യയായാണ് കണക്കാക്കുന്നത്. അതുകൊണ്ടുതന്നെ ഒരു വിശിഷ്ട വ്യക്തിത്വത്തിന്റെ അതിവിശിഷ്ട ജന്മവർഷത്തിൽ 108 വിശിഷ്ട കൃതികൾ പ്രസിദ്ധീകരിച്ചുകൊണ്ട് ഡി സി ബുക്സ് മലയാളികൾക്ക് പുസ്തകങ്ങളുടെ ഒരു വിശിഷ്ടവർഷം സമ്മാനിക്കുകയാണ്. മലയാളത്തിലെ പ്രമുഖ എഴുത്തുകാരെയെല്ലാം ഉൾക്കൊള്ളിച്ചുകൊണ്ട് വിവിധ വിഭാഗങ്ങളിലുള്ള 108 പുസ്തകങ്ങൾ 2022 ജനുവരി മുതൽ 2023 ജനുവരി വരെ പ്രത്യേകമായി പ്രസിദ്ധീകരിക്കുന്നു. ഈ വർഷം മലയാളത്തിൽ പ്രസിദ്ധീകരിക്കപ്പെടുന്ന ഏറ്റവും മികച്ച 108 പുസ്തകങ്ങളാകും ഇവയെന്ന് പ്രതീക്ഷിച്ചുകൊണ്ട് 108 ഡീസീ വർഷങ്ങളിലേക്ക് വായനക്കാരുടെ വിശിഷ്ട സാന്നിധ്യം കാംക്ഷിക്കുന്നു.

## എസ്. ഹരീഷ്

കോട്ടയം ജില്ലയിലെ നീണ്ടൂരിൽ ജനിച്ചു. കേരളസാഹിത്യ അക്കാദമിയുടെ ഗീതാഹിരണ്യൻ എൻഡോവ്മെന്റ് ലഭിച്ച *രസവിദ്യയുടെ ചരിത്രം* ആദ്യ കഥാസമാഹാരം. തോമസ് മുണ്ടശ്ശേരി കഥാപുരസ്കാരം, വി.പി. ശിവകുമാർ സ്മാരക കഥാപുരസ്കാരം എന്നിവ നേടിയിട്ടുണ്ട്. 2016-ലെ കേരളസാഹിത്യ അക്കാദമി അവാർഡ് *ആദം* എന്ന കഥാസമാഹാരത്തിനു ലഭിച്ചു. *മീശയ്ക്ക്* കേരളസാഹിത്യ അക്കാദമി അവാർഡും ഇംഗ്ലിഷ് 'പരിഭാഷയ്ക്ക് (*Moustache*) 2020-ലെ ജെസിബി അവാർഡും 2022-ലെ വയലാർ അവാർഡും ലഭിച്ചു. *ഏദൻ, ജല്ലിക്കട്ട്, ചുരുളി, നൻപകൽ നേരത്ത് മയക്കം* എന്നീ സിനിമകളുടെ തിരക്കഥാകൃത്ത് കൂടിയാണ്.

### എസ്. ഹരീഷിന്റെ ഞങ്ങൾ പ്രസിദ്ധീകരിച്ച കൃതികൾ

*നോവൽ*

മീശ

ആഗസ്റ്റ് 17

*കഥ*

ആദം

അപ്പൻ

രസവിദ്യയുടെ ചരിത്രം

ഡി സി ബുക്സ് പ്രസിദ്ധീകരിച്ച
എസ്. ഹരീഷിന്റെ പുസ്തകങ്ങൾ
പരിചയപ്പെടാൻ ക്യു ആർ കോഡ് സ്കാൻ ചെയ്യൂ.

LIBRARY
2403

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 2403 ........... Call No. ........................

This book should be returned on or before the date last given below.

| | | |
|---|---|---|
| | | |

MALAYALAM LANGUAGE
August 17

NOVEL
*by* S. Hareesh

Rights Reserved

First Published March 2022
This edition - October 2022

PUBLISHERS
D C Books, Kottayam 686 001
Kerala State, India
Literature News Portal: www. dcbooks. com
Online Bookstore: www.dcbookstore.com
e-bookstore: ebooks. dcbooks. com
Customercare: customercare@dcbooks. com, 7290092216

DISTRIBUTORS
DC Books-Current Books
INDIA

D C BOOKS LIBRARY CATALOGUING IN PUBLICATION DATA
Hareesh, S.
August 17/S. Hareesh.
368 p., 21 cm (108 series).
ISBN 978-93-5482-575-0
1. Malayalam Novel. I. Title. II. Series.
894.812 3-dc 22.

No part of this publication may be reproduced, or transmitted in any form
or by any means, without prior written permission of the publisher.

ISBN 978-93-5482-575-0

Printed in India
at D C Press, Kottayam, INDIA.

D C BOOKS THE FIRST INDIAN BOOK PUBLISHING HOUSE TO GET ISO CERTIFICATION

877/22-23-Sl. No.23906-dcb 8027-(4)-2000-8383-10-22-hn 60-p pk-d(t) sm

*'Historical truth, for him, is not what has happened;*
*it is what we judge to have happened.'*

— Jorge Luis Borges

## ആമുഖം

ജനിച്ചുവളർന്ന സ്ഥലവും കേട്ട കഥകളുമാണ് എന്റെ ആദ്യ നോവലായ *മീശയ്ക്ക്* വഴിവെച്ചത്. എന്നാൽ ഒരാളെന്നത് അയാളുടെ ആന്തരികലോകവും ആണ്. ആ ലോകത്തെ രൂപപ്പെടുത്തുന്നത് വായനയുംകൂടിയാണ്. ഇത്രയും കാലത്തിനിടയിലെ വായനയും ചരിത്ര, രാഷ്ട്രീയ താത്പര്യവും അതിലൂടെ രൂപപ്പെട്ട അകംലോകവുമാണ് രണ്ടാമത്തെ നോവലായ *ആഗസ്റ്റ് 17* ന്റെ പ്രേരണ.

ആന്തരികലോകമെന്നാൽ വ്യക്തിവിചാരങ്ങളും ആശങ്കകളും മാത്രമല്ല. ശരിക്കും പുറംലോകത്തെയും നമ്മുടെ ഉള്ളിനെയും അങ്ങനെ വേർതിരിക്കേണ്ട കാര്യമൊന്നുമില്ല. ചുറ്റുമുള്ളതൊക്കെയാണ് നമ്മുടെ അകത്തെയും രൂപപ്പെടുത്തുന്നത്. പുറവും അകവും ഒക്കെച്ചേർന്ന കലർപ്പുകളാണ് നമ്മൾ. സാഹിത്യത്തെക്കാൾ ഞാൻ കൂടുതൽ വായിച്ചിട്ടുള്ളത് ചരിത്രമാണ്. പക്ഷേ, ചരിത്രം നോവൽപോലെയാണ് വായിക്കാറെന്ന് മാത്രം. മിക്കവാറും ചരിത്രപുസ്തകങ്ങൾ വളരെ നല്ല നോവലുകളാണെന്ന് മനസ്സിലാക്കിയിട്ടുമുണ്ട്. അതുപോലെ രാഷ്ട്രീയത്തെയും കാര്യമായിത്തന്നെ പിന്തുടർന്നിട്ടുണ്ട്. പക്ഷേ, അത് ഏതെങ്കിലും ആശയത്തോടോ സംഘടനയോടോ ഉള്ള താത്പര്യത്തിന്റെ പേരിലല്ല. മനുഷ്യന്റെ അതിജീവനപ്പയറ്റിന്റെ ദൃശ്യരൂപം ഏറ്റവും നന്നായി കാണാനാവുന്നത് അവിടെയാണെന്നതാണ് എന്റെ കൗതുകം. എന്നെ പ്രലോഭിപ്പിച്ചിട്ടുള്ള പല നല്ല നോവലുകളുടെയും ഉള്ളടക്കം ചരിത്രവും രാഷ്ട്രീയവും തന്നെയാണ്. മനുഷ്യകഥകൾ പറയുമ്പോൾ മുന്നിലോ പിന്നിലോ ഒപ്പമോ അതൊക്കെ കടന്നുവരും. ചരിത്രത്തെയും രാഷ്ട്രീയത്തെയും അപാര സ്വാതന്ത്ര്യത്തോടെ ഫിക്ഷനിൽ കൊണ്ടുവരാൻ എഴുത്തുകാരൻ മടിക്കേണ്ടതില്ലെന്നാണ് എന്റെ പക്ഷം. ചുറ്റും കാണുന്ന ജീവിതസന്ദർഭങ്ങളെ തോന്നുംപടി മാറ്റിമറിച്ച് എഴുതുംപോലെ ഇതും ആവാം. ഒരു രാഷ്ട്രീയനോവലോ ചരിത്രനോവലോ എഴുതുമ്പോൾ നമ്മൾ കണ്ട രാഷ്ട്രീയത്തോടോ ചരിത്രത്തോടോ നീതി പുലർത്തേണ്ട ഒരാവശ്യവുമില്ല. അവിടെ ഫിക്ഷനുള്ള അസംസ്കൃതവസ്തു മാത്രമാണ് അതൊക്കെ. പ്രതിചരിത്രമെന്നോ സമാന്തരചരിത്രമെന്നോ പറയാവുന്ന തരത്തിലുള്ള എഴുത്തുകൾ അപൂർവ്വമായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. *ആഗസ്റ്റ് 17* ഉം അത്തരമൊരു ശ്രമമാണ്. ചരിത്രത്തിൽകൂടി സഞ്ചരിക്കുമ്പോൾ ഒരാൾ മനസ്സിൽ സൂക്ഷിക്കുന്ന സ്വാതന്ത്ര്യമാണീ നോവൽ.

മുമ്പൊരിക്കൽ പറഞ്ഞ കാര്യം ഇവിടെ ഒന്നുകൂടി സൂചിപ്പിക്കട്ടെ. ഞാൻ കണ്ടിട്ടുള്ള മനുഷ്യരുടെയും വായിച്ച പുസ്തകങ്ങളുടെയും സ്വാധീനം ഇതിലുണ്ട്. ഈ നോവലിന്റെ എഴുത്ത് ധാരാളം സമയമെ ടുത്ത പ്രവൃത്തിയായിരുന്നു. അതിനിടെ സഹായിച്ചവർക്കും സഹിച്ച വർക്കും ഇതിന്റെ ആദ്യവായനക്കാരായ സുഹൃത്തുക്കൾക്കും നന്ദി. ഇത് പുസ്തകരൂപത്തിലാക്കാൻ സഹായിച്ച ഡി സി ബുക്സിനും നന്ദി. മുമ്പെഴുതിയ നോവലും കഥകളും വായിച്ച് നേരിട്ടറിയാത്ത ധാരാളം വായനക്കാർ പ്രതികരിച്ചിട്ടുണ്ട്. അവർ *ആഗസ്റ്റ് 17* നെയും സ്വീകരിക്കു മെന്ന് പ്രതീക്ഷിക്കുന്നു. സ്നേഹത്തോടെ...

എസ്. ഹരീഷ്

# ഭാഗം 1